പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2217 26-03-2013 -ൽ മറുപടിക്ക്.

**പാവപ്പെട്ടവർക്കുള്ള ഭവനനിർമ്മാണ പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലത്ത് പാവപ്പെട്ടവർക്കുള്ള ഭവനനിർമ്മാണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ;<br><br>(ബി) എത്ര വീടുകളാണ് ഈ കാലയളവിൽ നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശം എന്തെല്ലാം; | (എ) യും (ബി) യും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ പാവപ്പെട്ടവർക്ക് വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ഇപ്പോൾ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ IAY,RAY, IHSDP, BSUP തുടങ്ങിയ പദ്ധതികളും ഇ.എം.എസ് ഭവന-പദ്ധതിയും, പട്ടികവർഗ്ഗ ഡെവലപ്പ്മെന്റ് ഡയറക്ടറേറ്റ്, പട്ടിക ജാതി ഡെവലപ്പ്മെന്റ് ഡയറക്ടറേറ്റ്, ഫിഷറീസ് വകുപ്പ്, സൈനിക് വെൽഫയർ വകുപ്പ് എന്നീ കാര്യാലയങ്ങൾ വഴി നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളും, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കി വരുന്ന എം.എൻ. ലക്ഷം വീട് പുനർനിർമ്മാണപദ്ധതി,സാഫല്യം ഭവന നിർമ്മാണ പദ്ധതി, മുതലായ ഭവന പദ്ധതികളും തുടരുന്നതാണ് .കൂടാതെ ഭവന നിർമ്മാണ ബോർഡ് വഴിസന്നദ്ധ സംഘടനകളുടെ ധനസഹായത്തോടെ "ഗൃഹശ്രീ" പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ 12 ലക്ഷം പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

a) ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

(i) ഇന്നൊവേറ്റീവ് ഭവന പദ്ധതി

നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിനു പുറത്ത് താമസിക്കുവാൻ നിർബന്ധിതരാവുകയും ചെയ്യുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ട തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിച്ച് മിതമായ വാടകയ്ക്ക് ലഭ്യമാക്കുന്ന പദ്ധതിയാണിത്. 2012- 13 സാമ്പത്തിക വർഷത്തിൽ സർക്കാർ ബഡ്ജറ്റിലൂടെ അനുവദിച്ച തുക വിനിയോഗിച്ച് തൃശ്ശൂർ കുട്ടനെല്ലൂരിൽ phase III ആയി 24 ഫ്ളാറ്റുകളും കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം 16 ഫ്ളാറ്റുകളും നിർമ്മിച്ചു വരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരത്ത് പൂജപ്പുരയിൽ phase III ആയി 24 ഫ്ളാറ്റുകൾ നിർമ്മിക്കുവാനുദ്ദേശിക്കുന്നു.

(ii) സാഫല്യം ഭവന പദ്ധതി

സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്രരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതരായവർക്ക് പാർപ്പിടം ലഭ്യമാക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ സർക്കാർ സബ്സിഡിയോടു കൂടി ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. 3.50 ലക്ഷം രൂപ നിർമ്മാണച്ചെലവ് വരുന്ന ഫ്ളാറ്റിന് 2 ലക്ഷം രൂപ സർക്കാർ സബ്സിഡി തുകയും, 1 ലക്ഷം രൂപ ഹഡ്കോയിൽ നിന്നും സമാഹരിക്കുന്ന വായ്പയും

(പലിശ ഉൾപ്പെടെ 168 മാസത്തവണകളായി ഗുണഭോക്താവിന് തിരിച്ചടവ് വരുന്നതാണ്.), 25,000/- രൂപ സന്നദ്ധ സംഘടനാ വിഹിതവും, 25,000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതിയിലൂടെ 900 ഫ്ളാറ്റുകൾ നിർമ്മിക്കുവാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ ഒന്നാം ഘട്ടമായി 7 ജില്ലകളിലായി 400 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(b) <u>നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതി</u>

(a) <u>ഗൃഹശ്രീ ഭവന പദ്ധതി</u>

2 സെൻറ്/3 സെൻറ് ഭൂമി സ്വന്തമായുള്ള ദുർബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗം എന്നിവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ/കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി സർക്കാർ സബ്സിഡി നൽകുന്ന പുതിയ പദ്ധതിയാണിത്.

(b) <u>അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം</u>

അന്യ സംസ്ഥാന തൊഴിലാളികൾക്ക് മിതമായ നിരക്കിൽ താമസ സൗകര്യം നൽകുന്നതിന് ബോർഡ് മുഖേന നൈറ്റ് ഷെൽട്ടർ പദ്ധതിയ്ക്ക് ഈ വർഷം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) ഈ ലക്ഷ്യം കൈവരിക്കുന്നതിന് സന്നദ്ധസംഘടനകളുടെ സഹകരണം തേടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) ഉണ്ട്. സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നിവ നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘടനകളുടെ സഹകരണം ആവശ്യമുണ്ട്. സാഫല്യം ഭവന പദ്ധതിയിലെ ഫ്ളാറ്റിൻെറ സന്നദ്ധ സംഘടനാ വിഹിതം 25,000/- രൂപയാണ്. ഗൃഹശ്രീ ഭവന പദ്ധതിയിൽ സന്നദ്ധ സംഘടനാ സ്പോൺസർഷിപ്പ് വിഹിതം 1.10 ലക്ഷം രൂപയായിരിക്കുമെന്ന് ഉദ്ദേശിക്കുന്നു. ഈ പദ്ധതിയ്ക്ക് അംഗീകാരം നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശം എന്തെല്ലാം? | (ഡി) | സാഫല്യം ഭവന പദ്ധതിയിൽ സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഗൃഹശ്രീ ഭവന പദ്ധതിയിൽ സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി അവരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും മുന്നോട്ടു വന്നിട്ടുള്ളവരുമായി പ്രാഥമിക ചർച്ചകൾ നടത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ